"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രാദേശിക സർക്കാരുകളുടെ 2021-22 വാർഷിക പദ്ധതി - സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പൂർണ്ണമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.1456/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 02/08/2021

---

പരാമർശം:-

1. സ.ഉ.(കൈ) നം.4/2021/തസ്വഭവ, തീയതി 11/01/2021
2. സ.ഉ.(സാധാ) നം.210/2021/തസ്വഭവ, തീയതി 26/01/2021
3. സ.ഉ.(സാധാ) നം.591/2021/തസ്വഭവ, തീയതി 25/02/2021

4 സർക്കുലർ നമ്പർ ഡി.എ.1/278/2020/ തസ്വഭവ; 18/03/2021

5 സ.ഉ.(പി) നം.53/2021/ധന; തീയതി 18.03.2021

6 സ.ഉ.(സാധാ) നം. 911/2021/തസ്വഭവ; തീയതി 26.04.2021

7 സ.ഉ.(സാധാ) നം.925/2021/തസ്വഭവ, തീയതി 28/04/2021

8 സ.ഉ.(സാധാ)നം. 1197/2021/തസ്വഭവ; തീയതി 23.06.2021

9 സ.ഉ.(കൈ) നം. 79/2021/ധന; തീയതി 15/07/2021

**ഉത്തരവ്**

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2021-22-ലെ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുകയും നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന ചില പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കേണ്ടതുള്ളതിനാൽ വാർഷിക പദ്ധതി പരിഷ്ക്കരിക്കേണ്ട സാഹചര്യം സംജാതമായിട്ടുണ്ട്.

2. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ചില നിബന്ധനകൾക്ക് വിധേയമായി അടുത്ത വർഷം ക്യാരിഓവർ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം 9 പ്രകാരം ഉത്തരവായിട്ടുണ്ട്. 2020-21 മുതൽ അനുവദിച്ച ഫണ്ടുകൾക്ക് 2021-22 മുതൽ ക്യാരിഓവർ ബാധകമായിരിക്കും. ഈ ഉത്തരവ് പ്രകാരം നടപ്പ് വർഷം ലഭ്യമാകാവുന്ന ക്യാരിഓവർ വിഹിതം കൂടി കണക്കിലെടുത്തുകൊണ്ട് വാർഷിക പദ്ധതി പൂർണ്ണമാക്കേണ്ടതുമുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ 2021 മാർച്ച് 31-ന് നിർവ്വഹണം

പൂർത്തിയാകാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പൂർണ്ണമാക്കുന്നതിനും വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

**3.1 ക്യാരിഓവർ**

1. ക്യാരിഓവർ ആയി അനുവദിക്കുന്ന തുകയുടെ വിശദാംശങ്ങൾ പരാമർശം 9 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. വികസനഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ ഓരോന്നിലും 2020-21 സാമ്പത്തിക വർഷം, അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) ക്യാരിഓവർ വിഹിതമായി 2021-22-ൽ അനുവദിക്കുന്നതാണ്. അതുപോലെ മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം എന്നിവയിൽ ഓരോന്നിലും 2020-21 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) 2021-22-ൽ ക്യാരിഓവർ വിഹിതമായി അനുവദിക്കുന്നതാണ്. ഇപ്രകാരം ഓരോ വിഭാഗത്തിലും ലഭിക്കാവുന്ന അധിക തുകയിൽ കൂടുതൽ സ്പിൽഓവർ ബാധ്യത (ബഹുവർഷ പ്രോജക്ടുകൾക്ക് 2020-21 ൽ വകയിരുത്തിയ തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാത്ത തുക ഉൾപ്പടെ) ഉണ്ടെങ്കിൽ അത് 2021-22-ലെ വിഹിതത്തിൽ നിന്നും മേഖലാ നിബന്ധനകൾക്ക് വിധേയമായി കണ്ടെത്തേണ്ടതാണ്. ലഭിക്കാവുന്ന അധിക വിഹിതത്തിന് അത്രയും സ്പിൽ ഓവർ പ്രോജക്ടുകൾ ഇല്ലെങ്കിൽ ബാക്കിയുള്ള തുകയ്ക്ക് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്.
2. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 2020-21-ൽ അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് പൂർണ്ണമായും 2021-22-ൽ ക്യാരിഓവർ വിഹിതമായി അനുവദിക്കുന്നതാണ്. ഇതിൽ കൂടുതൽ സ്പിൽ ഓവർ ബാധ്യത ഉണ്ടെങ്കിൽ അത് 2021-22-ലെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. ലഭിക്കാവുന്ന അധിക വിഹിതത്തിന് അത്രയും സ്പിൽ ഓവർ പ്രോജക്ടുകൾ ഇല്ലെങ്കിൽ ബാക്കിയുള്ള തുകയ്ക്ക് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്.
3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FFC) ഗ്രാന്റിനത്തിൽ ലഭിക്കാവുന്ന ക്യാരിഓവർ തുക വകയിരുത്തുന്ന പ്രോജക്ടുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കേണ്ടതില്ല. പ്രോജക്ട് രൂപീകരണവും അംഗീകാരവുമായി ബന്ധപ്പെട്ട നടപടികൾ സുലേഖയിലും പേയ്മെന്റുമായി ബന്ധപ്പെട്ട നടപടികൾ സാംഖ്യ /ഐ.എൽ.ജി.എം.എസിലുമായി പൂത്തിയാക്കേണ്ടതാണ്.

**3.2 സ്പിൽ ഓവർ പ്രോജക്ടുകൾ**

1. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ (2020-21) പ്രോജക്ടുകളിൽ 2021 മാർച്ച് 31-ന് ഭൗതികവും സാമ്പത്തികവുമായി നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി നിശ്ചയിക്കാവുന്നതാണ്.
2. 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും മാർച്ച് 31 -ന് നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകളിൽ ഭേദഗതി ഇല്ലാതെ സ്പിൽ ഓവർ ആയി തുടരേണ്ട പ്രോജക്ടുകളെ സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്ത് ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കുന്നതിനും 2021-22 ലെ വിഹിതത്തിൽ നിന്നും പേയ്മെന്റ് നൽകുന്നതിനും പരാമർശം 7 പ്രകാരം അനുമതി നൽകിയിരുന്നു.

പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

3. സ്പിൽഓവർ പ്രോജക്ടുകളിൽ ഭേദഗതി അനിവാര്യമാണെങ്കിൽ അത് ഇപ്പോൾ നടത്താവുന്നതും വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാവുന്നതുമാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനുശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കാവുന്നതാണ്.
4. പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങള്ക്ക് 2019-20-ൽ അനുവദിച്ച പ്രത്യേക ഫണ്ട് വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളിലെ അവശേഷിക്കുന്ന സ്പിൽ ഓവർ ബാധ്യത 2021-22 ലെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ക്യാരിഓവർ വിഹിതത്തിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

**3.3 2021-22-ലെ വിഹിതം**

1. 2021-22-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ ഉപപദ്ധതി വിഹിതം എന്നിവയ്ക്ക് അനുസൃതമായി ആ വിഭാഗങ്ങളിലെ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.
2. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (FFC):- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പരാമർശം 5 പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി 2021-22-ലെ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.
3. പരാമർശം 2 പ്രകാരം നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2020-21-ലെ മെയിന്റനൻസ് ഫണ്ട് (റോഡിതരം, റോഡ്) വിഹിതത്തെ അടിസ്ഥാനമാക്കിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ 2021-22-ലെ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഭേദഗതി സമയത്തും 2020-21-ലെ വിഹിതത്തെ അടിസ്ഥാനമാക്കിതന്നെ റോഡിതര വിഭാഗത്തിലെയും റോഡ് വിഭാഗത്തിലെയും പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.

**3. 4 വാർഷിക പദ്ധതി ഭേദഗതി**

1. മേൽ പറഞ്ഞ പ്രകാരം വാർഷിക പദ്ധതി പുനഃക്രമീകരിക്കുന്നതിനൊപ്പം പദ്ധതി ഭേദഗതിയും നടത്താവുന്നതാണ്. വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്നതും എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അനിവാര്യമായി ഏറ്റെടുക്കേണ്ടതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. പുതിയ പ്രോജക്ടുകൾ എടുക്കുമ്പോൾ ‘ആയിരം പേർക്ക് അഞ്ച് തൊഴിലവസരങ്ങൾ എന്ന കണക്കിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രോജക്ടുകൾ’ ഉൾപ്പടെ പരാമർശം 1-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മുൻഗണനാ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് വേണം ഊന്നൽ നൽകേണ്ടത്.
2. വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിൻറെ ഭാഗമായി നിർവ്വഹണം ആരംഭിക്കാത്ത പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ, പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.
3. പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാൻറിൻറെ ഭാഗമായുള്ള അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ് (Tied fund) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ പ്രസ്തുത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് പരാമർശം 7 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കണം. ജലജീവൻ മിഷൻ പ്രോജക്ടുകൾക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 15% വിഹിതം വകയിരുത്തുന്നതിന് പതിനഞ്ചാം ധനകാര്യ

കമ്മീഷൻ ഗ്രാൻറ് ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നു. പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത ഫണ്ടുകളും വകയിരുത്താവുന്നതാണ്.

4. വാർഷിക പദ്ധതി ഈ രീതിയിൽ പരിഷ്കരിക്കുന്നതിനൊപ്പം, പരാമർശം 3 പ്രകാരം അനുമതി നൽകിയതിൻറെ അടിസ്ഥാനത്തിൽ അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത കോവിഡ് സ്പെഷ്യൽ പ്രോജക്ടുകളും പരാമര്ശം 8 പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളും ഓരോ വിഭാഗത്തിലും ലഭ്യമാകാവുന്ന ആകെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ മുൻവർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2021-22 ലെ വിഹിതവും ഓരോ വിഭാഗത്തിലും ലഭ്യമാകാവുന്ന ആകെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 3.5 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ 2021-22 ലെ എഫ്.എഫ്.സി പ്രോജക്ടുകൾ

1. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാൻറ് ഇനത്തിൽ 2021-22 മുതൽ ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം ഇ-ഗ്രാംസ്വരാജ് – പി.എഫ്.എം.എസ് ഇന്റർഫേസ് മുഖേനയാണ് നടത്തേണ്ടത്. പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കുന്നതിനൊപ്പം സുലേഖ സോഫ്റ്റ് വെയറിൽ കൂടി തയ്യാറാക്കുകയും പ്രോജക്ടുകളുടെ അംഗീകാര നടപടികൾ സുലേഖ സോഫ്റ്റ് വെയറിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഒരു പ്രോജക്ട് നിർവ്വഹണം തുടങ്ങികഴിഞ്ഞാൽ അത് ഭേദഗതി ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഇല്ല. അതുകൊണ്ട് പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് അവ നിർവ്വഹണ യോഗ്യമാണെന്ന് ഉറപ്പാക്കണം. എതെങ്കിലും തരത്തിലുള്ള ഭേദഗതി അനിവാര്യമാണെങ്കിൽ അവ വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ഇപ്പോൾ തന്നെ സുലേഖയിൽ പൂർത്തിയാക്കേണ്ടതാണ്. തുടർന്ന് ആ ഭേദഗതി ഇ-ഗ്രാംസ്വരാജ് പോർട്ടലിലും വരുത്തണം.
2. ചില തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ എഫ്.എഫ്.സി ഗ്രാന്റിലെ അടിസ്ഥാന വിഹിതം, ടൈഡ് ഫണ്ട് എന്നിവ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖയിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ആകെ വിഹിതത്തെ വിഭജിച്ച് 100 രൂപയ്ക്ക് റൗണ്ട് ചെയ്ത് രേഖപ്പെടുത്തുന്നതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള വിഹിതത്തിന് അനുസൃതമായി സുലേഖ സോഫ്റ്റ് വെയറിൽ വിഹിതം മാറ്റി നൽകുന്നതാണ്. വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം, വിഹിതത്തിലെ മാറ്റത്തിന് അനുസൃതമായുള്ള ഭേദഗതി കൂടി സുലേഖ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.
3. ഓരോ പ്രോജക്ടിനും സുലേഖ സോഫ്റ്റ് വെയറിൽ വകയിരുത്തുന്ന അതേ തുക തന്നെയാണ് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് വകയിരുത്തുന്നതെന്ന് ഉറപ്പാക്കണം.

### 3.6 നഗരസഞ്ചയങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കൽ

1. കേരളത്തിൽ പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയങ്ങൾക്ക് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം) പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള ഗ്രാന്റിന്റെ വിശദാംശങ്ങൾ പരാമർശം 5 പ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.
2. പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**3.7 പ്രോജക്ട് വെറ്റിംഗ്**

2021-22 ലെ പരിഷ്കരിച്ച വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും.

**3.8 2020-21 ലെ വാർഷിക പദ്ധതി ഭേദഗതി നടപടികൾ പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ.**

1. ചില തദ്ദേശ ഭരണസ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രാഥമിക അനുമതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ വാങ്ങിയിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ഭേദഗതി സംബന്ധമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. അത്തരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് തുടങ്ങിവെച്ച ഭേദഗതി നടപടികൾ ഇപ്പോൾ പൂർത്തിയാക്കാവുന്നതും അതനുസരിച്ച് വാർഷിക പദ്ധതി ക്രമപ്പെടുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതുമാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തെ തുടർന്ന് വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

   (2) ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചുവെങ്കിലും വെറ്റിംഗ് നടപടികൾ പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

**3.9 പൊതു നിർദ്ദേശങ്ങൾ**

ഈ ഉത്തരവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 2021 ആഗസ്റ്റ് 27 -നകം പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പി ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്